"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്‌കൂളിലെ ശ്രീമതി.മറിയാമ്മ മാത്യുവിന്റെ എഫ്.റ്റി.എം. തസ്തികയിലെ നിയമനാംഗീകാരത്തിനായി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/GEDN തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. 18.02.2025 തീയതിയിലെ സ.ഉ(സാധാ) നം.1395/2025/പൊവിവ നമ്പർ ഉത്തരവ്.
2. 24.02.2025 തീയതിയിലെ ശ്രീമതി മറിയാമ്മ മാത്യുവിന്റെ റിവിഷൻ ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.04.2025 തീയതിയിലെ ഇറ്റി3/5772/2025/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട ജില്ലാ കളക്ടറുടെ 10.10.2025 തീയതിയിലെ ഡിസിപിറ്റിഎ/4080/2025-ബി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്‌കൂളിലെ ശ്രീമതി.മറിയാമ്മ മാത്യുവിന് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് നിയമനാംഗീകാരം ലഭ്യമാക്കണമെന്ന അപേക്ഷ മാനുഷിക പരിഗണന നൽകി പുനഃപരിശോധിച്ച് എഫ്.ടി.സി.എം. തസ്തികയിൽ 06/06/2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. പ്രസ്തുത വിദ്യാലയത്തിലെ എഫ്.ടി.എം ആയിരുന്ന ശ്രീമതി. കൊച്ചുമോൾ കെ. തോമസിനെ 06/06/2019 മുതൽ യു.പി.എസ്.റ്റി. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ, ശ്രീമതി. മറിയാമ്മ മാത്യുവിനെ എഫ്.ടി.സി.എം. തസ്തികയിൽ മാനേജർ 06/06/2019 മുതൽ നിയമിച്ചു. ശ്രീമതി. കൊച്ചുമോൾ തോമസിന്റെ സ്ഥാനക്കയറ്റം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നതിനാൽ എഫ്.ടി.സി.എം തസ്തികയിലെ ഒഴിവ്വ് വ്യവസ്ഥാപിതമല്ലാത്തതായി. ചട്ടം 51 ബി ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ലാത്തതിനാലും ശ്രീമതി. മറിയാമ്മ മാത്യുവിന്റെ നിയമനവും നിരസിക്കപ്പെട്ടു. പിന്നീട് ശ്രീമതി. കൊച്ചുമോൾ കെ. തോമസിന്റെ യു.പി.എസ്.ടി. തസ്തികയിലെ നിയമനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചു നൽകി. 2019-2020ലെ തസ്തിക നിർണയ ഉത്തരവ് പ്രകാരം സ്കൂളിൽ ഒരു എഫ്.ടി.എം. തസ്തിക അനുവദിക്കുകയും ചെയ്തു.

3. എന്നാൽ നിയമനം പരിഗണിക്കുന്നതിനായി പ്രമാണ പരിശോധന നടത്തിയ വേളയിൽ, ശ്രീമതി. മറിയാമ്മ മാത്യുവിന്റെ ജനന തീയതി 12/05/1982 ആകയാൽ നിയമന തീയതിയിൽ 36 വയസ്സ് കഴിഞ്ഞതായും ശ്രീമതി. മറിയാമ്മ മാത്യുവിന്റെ നിയമനം നിശ്ചിത പ്രായപരിധിക്കുള്ളിൽ അല്ല നടത്തിയിരിക്കുന്നത് എന്നതിനാൽ ശ്രീമതി. മറിയാമ്മ മാത്യുവിന്റെ നിയമനം അംഗീകാരയോഗ്യമല്ല എന്ന് വിദ്യാഭ്യാസ അധികാരികൾ വിലയിരുത്തി.

4. WP(C) 37049/24-ാം ം നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതിയുടെ 22/10/2024ലെ വിധിന്യായം പ്രകാരം ശ്രീമതി. മറിയാമ്മ മാത്യുവിനെ നേരിൽ കേൾക്കുകയും പരാമർശം 2 പ്രകാരം, ഉയർന്ന പ്രായപരിധിയിൽ നിന്ന് ഇളവ് അനുവദിച്ച് 06/06/2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ശ്രീമതി. മറിയാമ്മ മാത്യുവിന്റെ റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. എന്നാൽ സമാനമായ കേസ്സുകളിൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകി സർക്കാർ നിയമനാംഗീകാരം നൽകിയത് പ്രകാരമുള്ള ആനുകൂല്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. മറിയാമ്മ മാത്യു പുനപരിശോധനാ ഹർജി സമർപ്പിച്ചു. ഉയർന്ന പ്രായപരിധിയിൽ നിന്ന് ഇളവ് അനുവദിച്ച്, 06/06/2019 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യത്തിൽ സർക്കാർ തലത്തിലാണ് തീരുമാനം സ്വീകരിക്കേണ്ടതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാനമായ കേസുകൾ ഇളവ് നല്കി ഉത്തരവ് പുറപ്പെടുവിച്ചത് അപേക്ഷകരുടെ സഹതാപാർഹമായ സാമ്പത്തിക ചുറ്റുപാടുകൾ കണക്കിലെടുത്തും ചില കേസുകളിൽ മുൻപ് ചെറിയ കാലയളവിലേക്കെങ്കിലും അംഗീകൃത സർവീസ് ഉണ്ടെന്നതു പരിഗണിച്ചും മറ്റുമാണ്. അതിനാൽ ശ്രീമതി മറിയാമ്മ മാത്യുവിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കി പരിശോധിച്ചു. ശ്രീമതി മറിയാമ്മ മാത്യു പ്ലസ് വൺ വിദ്യാർത്ഥിയായ ഏക മകനൊപ്പം വടശ്ശേരിക്കര വില്ലേജിൽ ടിയാളുടെ സഹോദരൻ എബ്രഹാം കരിമ്പനമണ്ണിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് നമ്പർ. 1/690 വീട്ടിലാണ് താമസിച്ചു വരുന്നത്. വീടും, വീടിരിക്കുന്ന സ്ഥലവും മറിയാമ്മ മാത്യുവിന്റെ സഹോദരൻ എബ്രഹാം കരിമ്പനമണ്ണിൽ എന്നയാളുടെ ഉടമസ്ഥതയിലും കരം തീരുവയിലും ഉള്ളതാണ് എന്നും, വടശ്ശേരിക്കര വില്ലേജ് പരിധിയിൽ മറിയാമ്മ മാത്യു എന്നയാൾക്ക് വീടോ, സ്ഥലമോ മറ്റു വരുമാന മാർഗ്ഗങ്ങളോ ഇല്ലായെന്നും വടശ്ശേരിക്കര വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി മറിയാമ്മ മാത്യു 2019 മുതൽ ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിൽ FTCM ആയി ജോലി നോക്കിയിരുന്നതും എന്നാൽ നിയമനം അംഗീകരിക്കാത്തതിനാൽ ശമ്പളം ലഭിച്ചിട്ടില്ലായെന്നും കൂടാതെ ടിയാൾ വിവാഹ മോചനത്തിന് 2023-ൽ കേസ് ഫയൽ ചെയ്തിട്ടുള്ളതായും, 25.07.2025 ൽ എക്സ് പാർട്ടി ആയി വിധിയുണ്ടായി എങ്കിലും ഉത്തരവ് ഹാജരാക്കിയിട്ടില്ലായെന്നും ടിയാൾക്ക് നിലവിൽ വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ, ചെറുകുളഞ്ഞി ബഥനി ആശ്രമം ഹൈസ്കൂളിലെ എൾ ടൈം മീനിയൽ തസ്തികയിലെ 06/06/2019 മുതലുള്ള ശ്രീമതി. മറിയാമ്മ മാത്യുവിന്റെ നിയമനം മാനുഷിക പരിഗണന നൽകിയും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾക്കു വിധേയമായും, സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ വിഭാഗത്തിൽപെടുന്നതിനാൽ കെ.ഇ.ആർ. അധ്യായം XXI 7(3) പ്രകാരം സംരക്ഷിത അധ്യാപകൻ ജോലി നോക്കുന്നു എന്ന് ഉറപ്പുവരുത്തിക്കൊണ്ടും

അംഗീകരിക്കുന്നതിനായി ചട്ടങ്ങളിൽ ഇളവ് വരുത്തി ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ശ്രീമതി മറിയാമ്മ മാത്യു, ഫുൾ ടൈം മീനിയൽ, ബഥനി ആശ്രമം ഹൈസ്കൂൾ, ചെറുകുളഞ്ഞി പി.ഒ., പത്തനംതിട്ട - 689 673
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പത്തനംതിട്ട
മാനേജർ, ബഥനി ആശ്രമം ഹൈസ്കൂൾ, ചെറുകുളഞ്ഞി പി.ഒ., പത്തനംതിട്ട - 689 673
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 31-01-2026 13:04:31

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.